ആണെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 51 മുതൽ 100 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർക്കുപ്പെടെ 3 അദ്ധ്യാപകരും 50 കുട്ടികളിൽ കുറഞ്ഞ സ്കൂളുകളിൽ രണ്ട് അദ്ധ്യാപകരും മതി എന്നാണ് സർക്കാർ നയം. ഗവൺമെന്റിന്റെ മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ ഫലമായി ചില ഡി.ഡി.-മാരും എ.ഇ.ഒ.-മാരും അൺഇക്കണോമിക്കായ എൽ. പി. സ്കൂളുകളിലെ പല അദ്ധ്യാപകരുടെയും മേയ് മാസത്തെ ശമ്പളം എഴുതേണ്ടതില്ലെന്ന് ഉത്തരവ് ഇറക്കിയിരിക്കുന്നു. ഇതു കാരണം എയിഡഡ് സ്കൂളുകളിലെ ഏഴ് വർഷം സർവ്വീസില്ലാത്ത നിരവധി അദ്ധ്യാപകരുടെ ജോലി നഷ്ടപ്പെടാൻ പോവുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം പരിഗണിച്ച് എൽ.പി. സ്കൂളുകളിൽ നാല് ക്ലാസുകൾക്ക് ഹെഡ്മാസ്റ്റർക്കുപ്പെടെ നാല് അദ്ധ്യാപകർ എന്ന നിലവിലുള്ള സ്ഥിതി നിലനിർത്തണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, അൺഇക്കണോമിക് സ്കൂളുകൾ ഗവൺമെന്റ് പ്രഖ്യാപിച്ചതല്ല; അൺഇക്കണോമിക് സ്കൂളുകൾ എന്താണെന്ന് കെ.ഇ.ആറിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മമ്മു മാസ്റ്റർ സൂചിപ്പിച്ച ആ ഉത്തരവ് ഇവിടെ വന്നിട്ടില്ലായിരുന്നെങ്കിൽ നൂറിനു താഴെ കുട്ടികളുള്ള സ്കൂളുകളിൽ ചിലപ്പോൾ രണ്ട് അദ്ധ്യാപകരുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അത്തരം സ്കൂളുകൾക്ക് ദോഷകരമായിപ്പോകും; പിടിച്ചു നിൽക്കണം എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ചുരുങ്ങിയത് അൻപതിന് താഴെ കുട്ടികളാണെങ്കിൽ രണ്ട് അദ്ധ്യാപകരും, അൻപതിനു മുകളിലാണെങ്കിൽ മൂന്ന് അദ്ധ്യാപകരും നിർബന്ധമായി ഉണ്ടാകണമെന്നുള്ള തീരുമാനമെടുത്തത". ചില സ്കൂളുകളെ രക്ഷിക്കാൻ വേണ്ടിയാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. അദ്ദേഹം പറഞ്ഞതുപോലെ ഇക്കൊല്ലം അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകർ ഉണ്ടെങ്കിൽ അവരെ ഇക്കൊല്ലം റീറെയിൻ ചെയ്യാൻ ഇതുപ്രകാരം പറ്റും. വല്ല പ്രശ്നങ്ങളുമുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിച്ച് ഇക്കൊല്ലമുള്ള അദ്ധ്യാപകരെ അവിടെത്തന്നെ നിലനിർത്തിക്കൊണ്ട് കാര്യങ്ങൾ ചെയ്തുകൊള്ളാം. കെ.ഇ.ആർ പ്രകാരമുള്ള ഫിക്സേഷനും ഈ മോഡിഫൈഡ് ഓർഡർപ്രകാരം ചെയ്യാൻ സാദ്ധ്യമായ കാര്യങ്ങളും ചെയ്യുന്നതാണ്.

(23) അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, വയനാട് പോലുള്ള ജില്ലകളിൽ വളരെയേറെ അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്നത് എക്കാലവും ഒരു വസ്തുതയാണ്. വയനാട്ടിലെ അദ്ധ്യാപകർ മറ്റു പല ജില്ലകളിലും പോയി ജോലി ചെയ്യുന്നുണ്ട്. അവർ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിയമപ്രകാരം ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജില്ലയിൽ അഞ്ചു വർഷത്തെ സർവീസ് പൂർത്തിയാക്കണമെന്ന നിബന്ധന വളരെയേറെ ദോഷകരമായി ബാധിക്കുന്നതിനാൽ ഇത്തരം പിന്നോക്ക ജില്ലകളിൽ അദ്ധ്യാപകരെ ലഭിക്കാറില്ല. അതുകൊണ്ട് പിന്നോക്ക ജില്ലകളിലേക്കുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം അഞ്ചു വർഷമെന്നുള്ളത് ഇളവു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, കഴിഞ്ഞ കുറെയേറെ കൊല്ലങ്ങളായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. കാസർകോട്, വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ അദ്ധ്യാപകരും ഗവൺമെൻറ് ജീവനക്കാരും പോകുന്നത് ഒരു പ്രശ്നമായിരുന്നു. അഞ്ചു കൊല്ലത്തിന്റെ കണ്ടീഷൻ ഇളവു ചെയ്താൽ ആ നാട്ടുകാർ അവിടെ പോയി ജോലി ചെയ്യും. പലപ്പോഴും ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്. ഇത് പരിഹരിക്കണമെന്നുള്ളത് നിരന്തരമായ ഒരു ആവശ്യമായിരുന്നു. അത് പരിഹരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു എന്ന് സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. വയനാട്, ഇടുക്കി, കാസർകോട് ജില്ലകളിലേക്ക് അദ്ധ്യാപകരും മറ്റു ജീവനക്കാരും പോകുന്നതിന് അഞ്ചു കൊല്ലത്തെ മിനിമം സർവ്വീസ് പൂർത്തിയാക്കണം എന്ന കണ്ടീഷൻ പാലിക്കേണ്ട ആവശ്യമില്ല; അത് ഇളവു ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഉത്തരവ് നൽകിക്കഴിഞ്ഞു എന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്.

(24) പുനലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം

ശ്രീ. പുനലൂർ മധു: സർ, പുനലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സബ്മിഷൻ കൊണ്ടുവരുന്നത്. ദീർഘനാളായി അവിടെ ആരംഭിക്കുമെന്നു ഗവൺമെൻറ് പറഞ്ഞിട്ടുള്ള വിവിധ പദ്ധതികളും ഇപ്പോഴും ആരംഭഘട്ടത്തിൽ എത്തിനിൽക്കുക മാത്രമേ ചെയ്യുന്നുള്ളൂ. 1966-ൽ സ്ഥാപിച്ച ഒരു 66 കെ.വി. സബ്സ്റ്റേഷൻ മാത്രമാണ് പുനലൂരുള്ളത്. മുപ്പതു വർഷങ്ങൾ കഴിഞ്ഞിട്ടും അത് മാറി സ്ഥാപിക്കാനോ അവിടെ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുള്ള പുതിയ ഡിവിഷൻ ആരംഭിക്കാനോ കഴിയാത്ത ചുറ്റുപാടിൽ എത്തിനിൽക്കുകയാണ്. അവിടെ ഈ അടുത്ത സമയത്ത് രണ്ടു പ്രാവശ്യം ഉണ്ടായ പൊട്ടിത്തെറിയിൽ ആറ് ഉദ്യോഗസ്ഥൻമാർ അപകടത്തിൽപ്പെട്ടു. ഒരാൾ അത്യാസന്ന നിലയിൽ ഇപ്പോഴും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. രണ്ടു പ്രാവശ്യം ഗവൺമെൻറിന്റെ ഉത്തരവ് ഉണ്ടായിട്ടും നാല് മെഗാവാട്ട് ട്രാൻസ്ഫോർമർ സ്ഥാപിച്ച് അവിടെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താനാവശ്യമായ നടപടി ഉണ്ടായിട്ടില്ല. അതിനാൽ ഗവൺമെൻറിന്റെ മുൻപാകെ പ്രപ്പോസലുള്ള ഡിവിഷൻ അടിയന്തിരമായി സ്ഥാപിച്ച് അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം. രണ്ടാമത്, പുനലൂർ മുനിസിപ്പൽ ഏരിയയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് പവർ ഫിനാൻസ് കോർപ്പറേഷന്റെ സഹായത്തോടുകൂടി അർബൻ പവർ ഡിസ്ട്രിബ്യൂഷൻ ഇംപ്രൂവ്മെൻറ് സ്കീം എന്ന പേരിൽ പത്തു കോടി രൂപയുടെ ധനസഹായത്തോടുകൂടി ഒരു പുതിയ പദ്ധതിക്ക് എഴുതിപ്പോയത് വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. വൈദ്യുതി ബോർഡ് പവർ ഫിനാൻസ് കോർപ്പറേഷൻ മുൻപാകെ സമ്മർദ്ദം ചെലുത്തിയാൽ പെട്ടെന്ന് നടത്തിച്ചു കിട്ടാവുന്ന ഒരു കാര്യമാണ് അത്. പത്തു കോടി രൂപ മുതൽമുടക്കുള്ള, പുനലൂർ മുനിസിപ്പൽ ഏരിയയിൽ വൈദ്യുതി വിതരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് പവർ ഫിനാൻസ് കോർപ്പറേഷൻ മുൻപാകെ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly